പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1856

06.07.2015-ൽ മറുപടിക്ക്.

## വിക്ടിം കോമ്പൻസേഷൻ സ്കീം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കൊല ചെയ്യപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നല്കുന്നതിന് വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ; | : (എയും ബിയും) സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം തീയതി 24.02.2014 പ്രകാരം നിലവിൽ വന്ന കേരള വിക്ടിം കോമ്പൻസേഷൻ സ്കീമനുസരിച്ച് ടി സ്കീമിൽ അനുബന്ധമായി ചേർത്തിരിക്കുന്ന കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്കോ/ആശ്രിതർക്കോ സ്കീമിന്റെ നിബന്ധനകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിയ്ക്കുവാൻ അർഹതയുണ്ടായിരിക്കും. ടി സ്കീമിന്റെ ഷെഡ്യൂളിൽ ക്രമ നമ്പർ 1 പ്രകാരം 'Death' ന് പരമാവധി 5 ലക്ഷം രൂപ നഷ്ടപരിഹാരമായി ലഭിയ്ക്കുവാൻ അർഹതയുണ്ട്.<br>വിക്ടിം കോമ്പൻസേഷൻ സ്കീം പ്രവർത്തികമാക്കുന്നതിനായി വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 1000 രൂപ 'Token provision' ആയി അനുവദിച്ചിട്ടുണ്ട്. അധിക ഫണ്ടിനായി ധനകാര്യവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) ആയതുപ്രകാരം ഇതുവരെ എത്രപേർ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ, | : (സി) ആകെ 52 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 47 എണ്ണം ലീഗൽ സർവ്വീസസ് അതോറിറ്റികൾ നേരിട്ടും 5 എണ്ണം കോടതിയിൽ നിന്നും റഫർ ചെയ്തവയുമാണ്. |
| (ഡി) ഇതിൽ എത്രപേർക്ക് ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ട്, ജില്ല തിരിച്ച് വ്യക്തമാക്കാമോ? | : (ഡി) ഈ സ്കീമനുസരിച്ച നിലവിൽ ഇതുവരെ ആർക്കും നഷ്ടപരിഹാരം അനുവദിച്ചിട്ടില്ലാത്തതാണ്. |

Rema.v

സെക്ഷൻ ഓഫീസർ